# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെന്മേനി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ. ഡബ്ല്യു.വൈ.ഡി.585/2021.
12/08/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 12/08/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മേനി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ. ഡബ്ല്യു.വൈ.ഡി.585/2021. തീയ്യതി: 12/08/2021
12/08/2021

## വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി.പി.കെ | ഡെപ്യൂട്ടിഡയറക്ടർ | 14-07-2021 | 09-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 09-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രശാന്ത്.സി.വി,ഓഡിറ്റ് ഓഫീസർ
ശ്രീ.നവാസ്.കെ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി.കെ.കെ.ബിന്ദു,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ.അലി അക്ബർ കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.സി.പത്മനാഭൻ | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| ശ്രീമതി.ഷീല പുഞ്ചവയൽ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.രമേഷ് ബാബു.ആർ | സെക്രട്ടറി | 01-04-2020 | 11-06-2020 |
| ശ്രീ.സജിത് കുമാർ എം.കെ | സെക്രട്ടറി | 12-06-2020 | 13-10-2020 |
| ശ്രീ.വിനോദ് കുമാർഎം | സെക്രട്ടറി | 14-10-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനീഷ് പോൾ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 26-06-2020 |
| ശ്രീ പ്രമോദ് സി | അസിസ്റ്റന്റ് സെക്രട്ടറി | 27-06-2020 | 31-03-2021 |
| | | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ സനൽകുമാർ | മെഡിക്കൽ ഓഫീസർ(FHC) | | |
| ഡോ മദൻമോഹൻ | മെഡിക്കൽ ഓഫീസർ( | 01-04-2020 | 31-03-2021 |
| ഡോ ദീപാറാണി | മെഡിക്കൽ ഓഫീസർ( ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ സ്മിതജോൺ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി വത്സ കെ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ അരവിന്ദ് | അസി എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആലീസ് ഷേർളി എസ് | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ ഷനോജ് എൻ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്ര | 01-04-2020 | 31-03-2021 |
| ശ്രീമതി അനുപമകൃഷ്ണ്ൻ | കൃഷി ഓഫീസ്ര | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-1 |
| 2 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-1-2 |
| 3 | യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-1-3 |
| 4 | വാർഷിക കണക്ക്<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2 |
| 5 | ബാങ്ക് അക്കൗണ്ട് അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-1 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-2 |
| 7 | വാർഷിക കണക്ക് പൂർണ്ണമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-3 |
| 8 | കാലഹരണപ്പെട്ട ചെക്കുകൾ ബാദ്ധ്യത ആക്കുന്നില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-4 |
| 9 | കാലഹരണപ്പെട്ട ചെക്കുകൾ മുതൽ കൂട്ടുന്നില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-5 |
| 10 | പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-6 |
| 11 | വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-7 |
| 12 | ഡിപ്രീസിയേഷൻ-വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-8 |
| 13 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-9 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-3 |
| 15 | ഫണ്ട് വിനിയോഗം ( ACR)<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-4 |
| 16 | പദ്ധതി അവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-6 |
| 18 | ക്ഷേമ പദ്ധതികൾ<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-10 |
| 22 | രശീതി പിരിവ് - അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-11 |

| | | |
|---|---|---|
| 23 | സുകൃതം ഭവന പദ്ധതി-സമ്പൂർണ്ണ ഭവന പദ്ധതി - പിഴ പലിശ അടക്കേണ്ടി വരുന്നു.<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-12 |
| 24 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-13 |
| 25 | ILGSM ആവശ്യത്തിനായി വാങ്ങിയ സ്കാനർ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-14 |
| 26 | തെരുവ് വിളക്ക് സ്ഥാപിക്കൽ- തെരുവു വിളക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-15 |
| 27 | പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-16 |
| 28 | അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കാതെ കേന്ദ്രവിഹിതം ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-17 |
| 29 | അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ അവലോകനം ചെയ്യപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-18 |
| 30 | ഫയലുകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-19 |
| 31 | ഹരിതകർമ്മസേനക്ക് പ്രവർത്തനധനം നൽകിയത്-സേനാംഗങ്ങൾ തുക കൈപ്പറ്റിയതായി രേഖയില്ല.<br>Written By: Prasanth C V (Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-20 |
| 32 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്<br>Written By: K.K.Bindu (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-21 |
| 33 | ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-22 |
| 34 | അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിൽ തുക അവശേഷിക്കുന്നു<br>Written By: K.K.Bindu (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-23 |
| 35 | പകൽവീട് നിർമ്മാണം -ഭൌതികസാഹചര്യങ്ങൾ ഉറപ്പാക്കാതെ തുക വകയിരുത്തിയതിനാൽ കെട്ടിടം ഉപയോഗക്ഷമമായില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-24 |
| 36 | ഹരിതമന്ദിരം -നിർമ്മിച്ചത് ഉപയോഗിക്കുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-25 |
| 37 | ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-26 |
| 38 | നെൽകൃഷി കൂലി ചെലവ് സബ്സിഡി - രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-27 |
| 39 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ് വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-28 |
| 40 | ക്ഷീര കർഷകർക്ക് പാലിന് പ്രോത്സാഹന വില നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-29 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-2 |
| 3 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-4 |
| 5 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-5 |
| 6 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-6 |
| 7 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-8 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 20-21 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2020-21 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 69439346 | 49439246 |
| വരവ് | 326605831 | 314613476 |
| ആകെ | 396045177 | 364052722 |
| ചെലവ് | 392874450 | 358682742 |
| നീക്കിബാക്കി | 3170727 | 5369980 |
| തീരുമാനം നമ്പർ/തീയതി | 01/18.03.20 | 01/56/2021/17.02.21 |

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവ്രഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2020-21 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി 03.01.20 ന് നിർവഹണോദ്യോഗസ്ഥരോട് വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.അസിസ്റ്റന്റ് എഞ്ചിനീയർ,വെറ്റിനറി സർജൻ,ഐ.സി.ഡി.എസ്.സൂപ്പർവൈസർ,ഹെഡ് മിസ്ട്രസ് എന്നിവർ വിവരങ്ങൾ നൽകി.24.01.20 ന് നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗം വിളിച്ചിട്ടുണ്ട്.

സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20,2020-21 വർഷങ്ങളിലെ ബഡ്ജറ്റുകൾ അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

### 1-1-3 യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ രണ്ടുവർഷങ്ങളിലെ ബഡ്ജറ്റുകളും യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

| ഇനം | 2020-21 | |
|---|---|---|
| | പുതുക്കിയ ബഡ്ജറ്റ് പ്രകാരം | വാർഷികകണക്കുകൾ പ്രകാരം |
| മുൻബാക്കി | 49439246 | 86478275 |
| വരവ് | 314613476 | 183460831 |
| ആകെ | 364052722 | 269939106 |
| ചെലവ് | 358682742 | 216767027 |
| നീക്കിബാക്കി | 5369980 | 53172079 |

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം (കുടിശ്ശിക ഉൾപ്പെടെ) | വ്യതാസം |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 7,200,000 | 6319310 | 880690 |
| 2 | 1701001 | നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 800000 | 62944 | 737056 |
| 3 | 1401001 | ലൈസൻസ് ഫീസ് | 225,000 | 258325 | 33325 |
| 4 | 130 | പഞ്ചായത്ത് വകകളിൽ നിന്നുള്ള വാടക | 836831 | 700 | 836131 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 10.07.2020 | --- | --- |

## 1-2-1 ബാങ്ക് അക്കൗണ്ട് അപാകതകൾ

1) RP – 40(B) യിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ നടക്കുന്നില്ല.

1. SBT Invest
2. SBT Koliyadi SGRY 7608
3. SBT Jalanidhi 7766
4. SBT Pyka 7989
5. SBT Koliyadi SSA 547

2) ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പിന്റെ റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued But Not Presented Into Bank, Directly Credited Into Bank, Directly Debited By Bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)ജി.ഒ(പി) നം 7/2017 തീയതി 23.01.2017 ഉത്തരവ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ഒഴിവാക്കേണ്ടതാണ്. എന്നാൽ,നെൻമേനി പഞ്ചായത്തിൽ താഴെ പറയുന്ന നിർവ്വഹണോദ്യോഗസ്ഥരുടെ പേരുകളിൽ ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥരുടെ പേര് | അക്കൗണ്ട് വിവരം | മുൻ ബാക്കി | നീക്കി ബാക്കി |
|---|---|---|---|---|
| 1 | അസി.എഞ്ചിനീയർ | 67077587127 SBI ചുള്ളിയോട് | 457929.75 | 457929 |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 57068379644 SBI ചുള്ളിയോട് | 232674.61 | 462342.16 |

മേൽ ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

1) 26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land)

അക്കൗണ്ടിങ്ങ് 31.03.2021 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ (KL-73C 1526 ) ആസ്തിമൂല്യം നിശ്ചിത സാംഖ്യ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 1-2-3 വാർഷിക കണക്ക് പൂർണ്ണമല്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-4 കാലഹരണപ്പെട്ട ചെക്കുകൾ ബാദ്ധ്യത ആക്കുന്നില്ല

മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചുവടെ ചേത്തിരിക്കുന്ന ചെക്കിന്റെ തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 6837023/04.07.19 | 9950/- |
| 2 | 367858/25.07.19 | 6000/- |

## 1-2-5 കാലഹരണപ്പെട്ട ചെക്കുകൾ മുതൽ കൂട്ടുന്നില്ല

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800101 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 491843 രൂപ കാലാവധി കഴിഞ്ഞ ചെക്കുകളുടേതാണ്. ആയതിനാൽ ഈ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-2-6 പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-2-7 വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി തൻവർഷം ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2)വാർഷിക കണക്ക് പ്രകാരം (B-5) വായ്പ ഇനത്തിൽ 7345393/- രൂപയാണ് ബാദ്ധ്യത നിലനിൽക്കുന്നത്. എന്നാൽ, സുകൃതം വായ്പ രജിസ്റ്റർ പ്രകാരം 10919074/- ആണ് അടക്കാൻ ബാക്കി നിൽക്കുന്നത്.

3) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 839192/- രൂപ ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) Capital Work In Progress ഇനത്തിൽ തൻവർഷം ബുക്ക് ചെയ്ത തുക 23532391/- രൂപയാണ് (RP 40) .എന്നാല്, ബാലൻസ് ഷീറ്റ് B11-(A) ഷെഡ്യൂൾ പ്രകാരം ബുക്ക് ചെയ്ത തുക 0.0/- രൂപയാണ്. അസി. എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം 3052048/- രൂപയാണ്.വിശദീകരിക്കേണ്ടതാണ്.

5) MNREGS വരവ് – ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

എൻ.ആർ.ഇ.ജി.എസ്. ഇനത്തിലെ വരവ് ചെലവ് തുകകൾ രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| എൻ.ആർ.ഇ.ജി.എസ്. | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഭരണ വരവ് | 4310016 | 1703550 | 2606466 |
| ഭരണ ചെലവ് | 4824444 | ഉൾക്കൊള്ളിച്ചിട്ടില്ല. | 4824444 |
| ആകെ വരവ് | 69470000 | 69412101 | 57899 |
| ആകെ ചെലവ് | 68636000 | 69412101 | 776101 |

6) ജീവനക്കാരുടെ തൊഴിൽ നികുതി വരവ് വാർഷിക കണക്കുമായി യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | തൊഴിൽ നികുതി - ജീവനക്കാർ കറന്റ് ഡിമാന്റ് | 1438510 (I-1) | 1321890 | 116620 |
| 2 | തൊഴിൽ നികുതി - ജീവനക്കാർ അരിയർ ഡിമാന്റ് | 0 (B-15, 19-20) | 116620 | 116620 |
| 3 | തൊഴിൽ നികുതി - ജീവനക്കാര് കറന്റ് വരവ് | 1386760 (RP-1) | 1321890 | 64870 |
| 4 | തൊഴിൽ നികുതി - ജീവനക്കാരുടെ അരിയർ വരവ് | 0 | 116620 | 116620 |
| 5 | തൊഴിൽ നികുതി - ജീവനക്കാരുടെ ആകെ വരവ് | 1386760 | 1438510 | 51750 |

7) സഞ്ചയ പ്രകാരമുള്ള റസിഡൻഷ്യൽ വസ്തു നികുതി കളക്ഷൻ, കറന്റ് ഡിമാന്റ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി യോജിക്കുന്നുണ്ട്. എന്നാൽ, നോൺ- റസിഡൻഷ്യൽ വസ്തു നികുതി കളക്ഷൻ വാർഷിക ധനകാര്യ പത്രികയിൽ പൂജ്യം ആണ്. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റുമെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി അരിയർഡിമാന്റ് | 826124 (B-15 19-20) | 872443 | 46319 |
| 2 | വസ്തു നികുതി അരിയർ ബാക്കി | 338680 (B-15) | 321760 | 16920 |

| | | | | |
|---|---|---|---|---|
| 3 | വസ്തു നികുതി കറന്റ് ബാക്കി | 694474 (B-15) | 660496 | 33978 |

8) ബാലൻസ് ഷീറ്റിൽ 'State Govt Cess/Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി സഞ്ചയ പത്രികമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റുമെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | ലൈബ്രറി സെസ്സ് അരിയർ ഡിമാന്റ് | 47517 (B-15, 19-20) | 47447 | 70 |
| 3 | ലൈബ്രറി സെസ്സ് കറന്റ് ബാക്കി | 50778 (B-15) | 33978 | 16800 |

9) I-18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന Prior Period Ites -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിവരണം | തുക |
|---|---|---|
| 1 | Prior Period Income-Property Tax On Residential Buildings. | (-)68356/- |
| 2 | Prior Period Income-Profession Tax | (-)1140/- |
| 3 | Prior Period Income-Other Incomes | 695018/- |
| 4 | Prior Period Income-Licence Fee | (-)300/- |
| 5 | Prior Period Income-Recovery Of Unutilised Grants | (-)24845/- |
| 6 | Prior Period Income-Recovery Of Unutilised Grants | 24845/- |

10) 2020-21 വാർഷിക കണക്ക് പ്രകാരം RP4 - Fees And User Charges (140700101) എന്ന ശീർഷകത്തിൽ Restoration Charges For Road Cutting ഇനത്തിൽ 38817/- രൂപയുടെ വരവുണ്ട്. എന്നാൽ മേൽ വരവുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ വരവുകളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

11) അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതുമൂലം തൻവർഷ കുടിശ്ശിക കണക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. തൊഴിൽ നികുതി - ട്രേഡേഴ്സ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

12) ലേല രജിസ്റ്റർ പ്രകാരം ചുള്ളിയോട് മാർക്കറ്റ് ഫീ ഇനത്തിൽ 4867/- രൂപ വരവുണ്ട്. എന്നാൽ, വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13) ഡി&ഓ ലൈസൻസ് ഫീ രജിസ്റ്റർ സംക്ഷിപ്തം വാർഷികകണക്കുമായി യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | ഡിമാന്റ് | 243405 | 238905 | 4500 |
| 2 | കളക്ഷൻ (ഡി&ഓ ലൈസൻസ് ഫീ) | 4500 + 125990 | 238905 | 108415 |
| 3 | കളക്ഷൻ (റണ്ണിംഗ് ഫീ) | 100 | 9700 | 9600 |

14) വാർഷിക കണക്കുകൾ പ്രകാരമുള്ള താഴെ പറയുന്ന കാര്യങ്ങളിൽ വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വാടക അരിയർ ഡിമാന്റ് | 1246 (B-15 19-20) | 42954 | 41708 |
| 2 | വാടക അരിയർ ബാക്കി | 35572 (B-15) | 34326 | 1246 |
| 3 | വാടക കറന്റ് ബാക്കി | 125636 (B-15) | 28752 | 96884 |

15) തൻവർഷം ക്യൂ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-8 ഡിപ്രീസിയേഷൻ-വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-2-9 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ

1) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

3) ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ഉള്ള താഴെ പറയുന്ന ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഫിക്സഡ് ഡെപ്പോസിറ്റ് നമ്പർ | തീയതി | ബാങ്കിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 130341807520003 | 21.03.2020 | വയനാട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് ചുള്ളിയോട് | 5,00,000/- |
| 2 | 7701655735-0 | 13.05.2020 | SBI ചുള്ളിയോട് | 1218221 |

4) വാർഷിക ധനകാര്യ പത്രകയും ഡിപ്പോസിറ്റ് രജിസ്റ്ററുമായി താഴെ പറയുന്നവയിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | വിവരണം | വരവ് | | ചെലവ് | |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | RP34 | ഡെപ്പോസിറ്റ് രജിസ്റ്റർ | RP34 | ഡെപ്പോസിറ്റ് രജിസ്റ്റർ |
| 2 | Contractors Retension | 192232 | 201838 | 239420 | 263730 |

5)RP 31 – ലുള്ള വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

6) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 145052/- രൂപ, 3094/-രൂപ എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 86478275 |
| വരവ് | 183460831 |
| ആകെ | 269939106 |
| ചെലവ് | 216767027 |
| നീക്കിയിരിപ്പ് | 53172079 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 29067219 | 29067219 | 29066255 | 964 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 4424706 | 4424706 | 3650966 | 773740 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 17231647 | 17231647 | 14066549 | 3165098 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 25654000 | 25654000 | 21078237 | 4575763 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7769613 | 7769613 | 6051756 | 1717857 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 39852386 | 39852386 | 17001872 | 2285051 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 21651645 | 21651645 | 21651645 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 331 | 283890845 | 252 | 154150570 | - | 79 | 76% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 12 | 10 | 9542300 | 8401974 | 88% |
| വെറ്റിനറി സർജൻ | 17 | 14 | 14738090 | 7554352 | 51.25% |
| മെഡിക്കൽഓഫീസ്സ്,കുടുംബാരോഗ്യകേന്ദ്രം | 15 | 13 | 6773998 | 4110217 | 61% |
| മെഡിക്കൽഓഫീസ്സ ഹോമിയോ | 2 | 2 | 600000 | 600000 | 100% |
| മെഡിക്കൽഓഫീസ്സ ആയുർവേദം | 3 | 3 | 1050000 | 1050000 | 100% |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 4809600 | 327000 | 7% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 16 | 120000850 | 41307992 | 34% |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 11121817 | 10862516 | 97.6% |
| സെക്രട്ടറി | 33 | 24 | 27688573 | 20022332 | 72% |
| ഹെഡ് മാസ്റ്റർ | 10 | 5 | 2900609 | 562069 | 19% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 200 | 150 | 83270008 | 58265320 | 70% |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 1395000 | 1086798 | 78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 620714 | 4310016 | 4930730 | 4824444 | 106286 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 68636000 | 68636000 | 68636000 | 0 |
| മെറ്റീരിയൽസ് | 0 | 5271000 | 5271000 | 5271000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10200 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 10333800 | 727 |
| വിധവാപെൻഷൻ | 33136100 | 2231 |
| വാർദ്ധക്യകാലപെൻഷൻ | 46173000 | 3444 |
| വികലാംഗപെൻഷൻ | 7645900 | 73 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |
| 50വയസ്സ്കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 331800 | 48 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന22.07.21 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50435/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങളായ വസ്തുനികുതി,തൊഴിൽ നികുതി ,വാടക എന്നിവയുടെയൊന്നും യഥാർത്ഥകണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല.ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
4. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.
5.സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനട്സ് പരിശോധിച്ചതിൽ പല വാങ്ങലുകളും കമ്മിററി അംഗീകരിച്ചു കാണുന്നില്ല.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.

ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി മാലിന്യസംസ്കരണം,സ്കൂളുകളുടെ ഭൌതികസാഹചര്യം,പകർച്ചവ്യാധിപ്രതിരോധനടപടികൾ എന്നീമേഖലകളിൽ ശ്രദ്ധ ചെലുത്തിയത് അഭിനന്ദനാർഹമാണ്.

ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പെൻഷൻ അപേക്ഷകൾ പരിശോധിക്കുന്നുണ്ടെങ്കിലും അങ്കണവാടി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുക, അങ്കണവാടികളുടെ ഭൌതികസാഹചര്യം അവലോകനം ചെയ്യുക എന്നിങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുന്നതായി കണ്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

ഭരണസമിതിതീരുമാനങ്ങൾ നടപ്പാക്കുന്നതുസംബന്ധിച്ച് അടുത്തയോഗത്തിൽ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല.

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ കൂടുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/07/21 | 17/7/19 -19/07/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014-15 | 2014-15 | 14/03/16 |

## 1-11 രശീതി പിരിവ് - അപാകതകൾ

1) 01.04.2020 മുതൽ 16.04.2020 വരെയുള്ള സാംഖ്യ രശീതി, ഡെയിലി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) രശീതി ബുക്ക് നമ്പർ 1/13.04.2020(ബുക്ക് നം. 59768), തുക 1664/- ക്രഡിറ്റ് ആയ ഡെയിലി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക ബാങ്കിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

3) 5 ക്ലർക്കമാരുടെ കളക്ഷൻ രജിസ്റ്ററുകളും തുക പഞ്ചായത്തിൽ അടവാക്കുന്ന സമയം ജൂനിയർ സൂപ്രണ്ട്, ക്യാഷ്യർ വെരിഫിക്കേഷൻ നടത്തുന്നില്ല.

4) രശീതിയിൽ തുക അക്ഷരത്തിൽ എഴുതുന്നില്ല.

ശ്രീ. ആദർശ്.ടി.എ, എ-7 സെക്ഷൻ പിരിവെടുത്തിട്ടുള്ള മുഴുവൻ രശീതി ബുക്കുകളിലും അക്ഷരത്തിൽ തുക എഴുതുന്നില്ല. രശീതി ബുക്ക് നമ്പറുകൾ താഴെ കൊടുക്കുന്നു.

59774,27693,27696,27698.

ജൂനിയർ സൂപ്രണ്ട് വെരിഫിക്കേഷൻ നടത്തുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് പരിശോധന നടത്തുന്നില്ല.

5) രശീതി തിരുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|---|
| 1 | 27687 | 41 |
| 2 | 27687 | 50 |
| 3 | 59774 | 23 |

6) സാമ്പത്തിക വർഷം കഴിഞ്ഞ രശീതികൾ സെക്രട്ടറി ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|---|
| 1 | 59760 | 50 മുതൽ 100 വരെ |
| 2 | 27967 | 77 മുതൽ 100 വരെ |
| 3 | 59767 | 77 മുതൽ 100 വരെ |

7) രശീതി ബുക്ക് എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഇല്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | രശീതി ബുക്ക് നമ്പർ |
|---|---|
| 1 | 59760 |
| 2 | 59767 |
| 3 | 27693 |
| 4 | 27698 |
| 5 | 59768 |

8) രശീതികൾ സെക്രട്ടറി ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സാംഖ്യ രശീതി രശീതി നമ്പർ | രശീതി ബുക്ക് നമ്പർ/രശീതി നമ്പർ |
|---|---|---|
| 1 | 2726414 | 59767/41 |
| 2 | 2724686 | 27698/16 |
| 3 | 2725978 | 27694/86 |
| 4 | 2724802 | 27694/88 |
| 5 | 2724779 | |
| 6 | 2724803 | |
| 7 | 2724804 | |
| 8 | 2726701 | |
| 9 | 2726947 | |

| | | |
|---|---|---|
| 10 | 2725000 | |
| 11 | 8577831 | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/20-21/06.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 സുകൃതം ഭവന പദ്ധതി-സമ്പൂർണ്ണ ഭവന പദ്ധതി - പിഴ പലിശ അടക്കേണ്ടി വരുന്നു.

സുകൃതം ഭവന പദ്ധതിക്കായി ജില്ലാ സർവീസ് സഹകരണ ബാങ്കിന്റെ സുൽത്താൻ ബത്തേരി ശാഖയിൽ നിന്നും 2,68,70,000 രൂപ വായ്പ എടുത്തിരുന്നു. വായ്പ എടുത്തതിന്റെ മുതലും പലിശയും തിരിച്ചടക്കുമ്പോൾ നാളിതു വരെ താഴെ പറയും വിധം പിഴ പലിശ അടക്കേണ്ടി വന്നിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2015-16 | 3279 |
| 2016-17 | 18914 |
| 2017-18 | 21065 |
| 2018-19 | 20664 |
| 2019-20 | 45186 |
| 2020-21 | 7980 |
| ആകെ | 71902 |

.സമ്പൂർണ്ണ ഭവന പദ്ധതിക്കായി അനുമതി നൽകിയ ഉത്തരവ് ( GO(Ms) 83/13/ LSGD 11.3.13 )പ്രകാരം വികസന ഫണ്ടിൽ നിന്നും മുതൽ ഇനത്തിലും തനത് ഫണ്ട് ഇനത്തിൽ പലിശയുമാണ് അടക്കേണ്ടത്. പലിശ തിരിച്ചടവ് വൈകിയത് കാരണം ആണ് പിഴ പലിശ അടക്കേണ്ടി വന്നത്.ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

1-13 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 2/2020-21 SSK വിഹിതം പ്രോജക്ട് ഓഫീസർ, SSK | 1500000 വികസന ഫണ്ട് | 4/20-21/28.4.20 1500000 |
| 2 | പ്രോജക്ട് നം 89/20-21 ഐകെഎം വിഹിതം ഇൻഫർമേഷൻ കേരള മിഷൻ | 280,000 തനത് ഫണ്ട് | 2/20-21/28.4.20 2800000 |
| 3 | പ്രോജക്ട് നം 219/20-21 കേരള സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം | 206000 വികസനഫണ്ട് ജനറൽ | 5/20-21/28.4.20 206000 |
| 4 | പ്രോജക്ട് നം 102/20-21 ജലനിധി സുസ്ഥിര | 2000000 CFC | 1)20/20-21/9.3.21 450000 2)21/20-21/9.3.21 |

| | | |
|---|---|---|
| | പദ്ധതി<br>പഞ്ചായത്ത്<br>വിഹിതം<br>നൽകൽ<br>ജലനിധി<br>പഞ്ചായത്ത്<br>സമിതി | 450000<br>3)22/20-21/9.3.21<br>450000<br>4)23/20-21/9.3.21<br>450000<br>5)24/20-21/9.3.21<br>200000 |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

1-14 ILGSM ആവശ്യത്തിനായി വാങ്ങിയ സ്കാനർ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല.

Project Number 90/20-21
ILGSM ആവശ്യത്തിനായി ഫ്രണ്ട് ഓഫീസിലേക്ക് സ്കാനർ

അടങ്കൽ 200000

ചെലവ് 169999(തനത് ഫണ്ട്)

ILGSM ആവശ്യത്തിനായി ഫ്രണ്ട് ഓഫീസിലേക്ക് സ്കാനർ വാങ്ങി.

Image Formula DR M1060 എന്ന സ്കാനർ വാങ്ങി.ILGSM പഞ്ചായത്തിൽ

നടപ്പിലാക്കാൻ തുടങ്ങിയിട്ടില്ല.സ്കാനറിന്റെ വാറണ്ടി രണ്ട് വർഷമാണ്.ILGSM പഞ്ചായത്തിൽ നടപ്പിലാക്കാൻ തുടങ്ങുന്നതിന് മുൻപെ സ്കാനർ വാങ്ങിയതിനാൽ സ്കാനർ ഉപയോഗിക്കാതെ കിടക്കുന്നു.സ്കാനർ ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 തെരുവ് വിളക്ക് സ്ഥാപിക്കൽ- തെരുവു വിളക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല

| പ്രോജക്ട്നം, പേര് | അടങ്കൽ -ചെലവ് | വൗച്ചർനം , തുക |
|---|---|---|
| 295/20-21 തെരുവ് വിളക്ക് പരിപാലനം | 640900 -465280(CFC) | -465280 |

United Electrical Industries Kollam എന്ന എന്ന സ്ഥാപനത്തിൽ നിന്നാണ് 310തെരുവ് വിളക്കുകൾ (25 Watt LED ) വാങ്ങിയത്. 310തെരുവ് വിളക്കുകൾ സ്ഥാപിച്ച വിവരം തെരുവു വിളക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രം പ്രകാരം 148 തെരുവ് വിളക്കുകൾ സ്ഥാപിച്ച വിവരം മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളു.പദ്ധതിക്ക് വൗച്ചർ നമ്പർ 1/2021. 26.05.20 പ്രകാരം 46280 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പിൽവരുത്തിയതിന്റെ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-16 പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ് ) 11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് മിനട്സ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ പദ്ധതിരൂപീകരണനടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2020-21 വർഷത്തേക്കുള്ള പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് 23.12.19 ന് മാത്രമാണ്.ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല.ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.
2. വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 26.12.19 ലെ 62(1)/2019 തീരുമാനപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുവാനും പദ്ധതിരൂപീകരണനിർദ്ദേശങ്ങൾ നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല.
3. വികസനസെമിനാർ 11.02.20 ന് നടന്നതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും നിലവിലെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല.

4. വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക ,തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കുംഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ ,സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ ,അതനസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.
5. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല..
6. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല.വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും.
7. പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല.

10.വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ പല യോഗങ്ങളുടെയും മിനട്സുകൾ എഴുതി പൂർത്തീകരിച്ചതായി കാണുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതിനും പദ്ധതികൾ നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കാതെ കേന്ദ്രവിഹിതം ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളുടെ പൂരകപോഷകാഹാരപദ്ധതിക്കും മറ്റ് വിവിധപ്രവർത്തനങ്ങൾക്കുമായി ലഭിക്കുന്ന കേന്ദ്രവിഹിതത്തിൽ 31.03.21 ന് 911229 രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു.ആയത് വിനിയോഗിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയതായി കാണുന്നില്ല. കേന്ദ്രവിഹിതം വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം. 13/20-21/04.08.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

## 1-18 അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ അവലോകനം ചെയ്യപ്പെടുന്നില്ല.

നെന്മേനി ഗ്രാമപഞ്ചായത്തിൽ 50 അങ്കണവാടികൾ ഉള്ളതിൽ 31അങ്കണവാടി കെട്ടിടങ്ങൾക്ക് മാത്രമാണ് 20.05.19 തീയതിയിലെ പരിശോധനയിൽ ഫിറ്റ്നെസ്സ് ഉള്ളതായി ബോധ്യപ്പെട്ടിട്ടുള്ളത്.അതിനുശേഷം ഫിറ്റ്നെസ്സ് പരിശോധന നടന്നിട്ടില്ല. 19 അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മോശമാണെങ്കിലും അവയുടെ ഭൌതികസാഹചര്യങ്ങൾ അവലോകനം ചെയ്തതായോ ,നടപടികൾ സ്വീകരിച്ചതായോ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായോ കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകളിൽ പോലും അനുപൂരക,പൂരക പോഷകാഹാരപദ്ധതിക്കു ഫണ്ട് വകയിരുത്തുന്നത് സംബന്ധിച്ചോ ,അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചോ ശാസ്ത്രീയമായ വിശകലനം നടന്നിട്ടില്ല.01.12.18 ന് ശേഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ ഭരണസമിതിക്ക് ഈ വിഷയത്തിൽ രേഖാമൂലം വിവരങ്ങൾ കൈമാറിയതായി കാണുന്നില്ല.അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഫയലുകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ ഫയലുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.ഓരോ പ്രോജക്ടുകളുടെയും ബില്ലുകളും തുക നൽകിയ വിവരങ്ങളും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത വിവരങ്ങളും ഒരുമിച്ച് ഫയൽ ചെയ്തിട്ടില്ല.പ്രോജക്ട് ഫോറങ്ങളോടൊപ്പം അതാത് പ്രോജക്ടുകളുടെ ബില്ലുകൾ വെച്ചിട്ടില്ല. ഫയലുകളിൽ നോട്ട് ഫയൽ വെച്ചിട്ടില്ല. പേജ് നമ്പർ നൽകിയിട്ടില്ല.ബില്ലുകൾ പ്രോജക്ട് പ്രകാരം ക്രമീകരിച്ച് സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-20 ഹരിതകർമ്മസേനക്ക് പ്രവർത്തനധനം നൽകിയത്-സേനാംഗങ്ങൾ തുക കൈപ്പറ്റിയതായി രേഖയില്ല.

പ്രോജക്ട് നമ്പർ-226/20-21

നിർവഹണം-വി.ഇ.ഒ

ചെലവഴിച്ച തുക- ₹138150/-

2020-21 സാമ്പത്തികവർഷത്തിൽ ഹരിതകർമ്മസേനക്ക് പ്രവർത്തനങ്ങൾക്കായി തുക നൽകിയിട്ടുണ്ട്.എന്നാൽ താഴെപ്പറയുന്ന ഹരിതകർമ്മസേനാംഗങ്ങൾ തുക കൈപ്പറ്റിയതായി അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | സേനാംഗത്തിന്റെ പേര് | തുക |
|---|---|---|
| 1 | നടാഷ | ₹4000/- |
| 2 | സി.അസ്മാബി | ₹4000/- |
| 3 | ജൂബിറോബി | ₹4000/- |
| 4 | ലീന പവിത്രൻ | ₹4000/- |
| 5 | ജെസ്സി ജോസ് | ₹4000/- |
| 6 | പാറു എൻ.എം | ₹4000/- |
| 7 | ശരണ്യ | ₹4000/- |
| 8 | രമ്യ | ₹4000/- |
| 9 | ആമിന | ₹4000/- |
| 10 | സഫിയ | ₹4000/- |
| 11 | സൈനബ | ₹4000/- |
| 12 | ഷീജ.എ | ₹4000/- |

| | | |
|---|---|---|
| 13 | മിനഷാജി | ₹4000/- |
| 14 | സരോജിനി | ₹4000/- |
| 15 | പ്രിയ | ₹4000/- |
| 16 | ബബിത | ₹4000/- |
| 17 | സുബിത | ₹4000/- |
| 18 | അനിതകുമാരി | ₹4000/- |
| 19 | സതിപ്രകാശ് | ₹4000/- |
| 20 | സുഹറ | ₹4000/- |
| 21 | മോനിഷ | ₹3000/- |
| | ആകെ | 83000 |

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണെന്ന അന്വേഷണക്കുറിപ്പിന് (18/20-21/06.08.21)മറുപടി ലഭ്യമാക്കിയില്ല.നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ 3-)ം ക്രമനമ്പരുകാരിയായ ശ്രീമതി ജൂബിറോബിയുടെ പാസ്സ്ബുക്കിൽ 4000 രൂപ വരവ് വന്നതായി കണ്ടില്ല.യു.ടി.ആർ സ്റ്റേറ്റ്മെന്റിൽ സേനാംഗങ്ങളുടെ അക്കൗണ്ട് നമ്പരുകളിലേക്ക് തുക നല്കിയതായി കാണുന്നെങ്കിലും സേനാംഗങ്ങളുടെ അക്കൗണ്ട് തന്നെയെന്ന് ബാങ്ക് പാസ്സ്ബുക്കിന്റെ സ്വയംസാക്ഷ്യപ്പെടുത്തിയ ആദ്യപേജിന്റെ പകർപ്പ് രേഖകളോടൊപ്പം വയ്ക്കാത്തതിനാൽ ഉറപ്പുവരുത്താനായില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-21 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ നല്ല രീതിയിൽ നടത്തുന്നതിനും ഫയലുകൾ ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതിനും നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഏതാനും ചില അപാകതകൾ വന്നിട്ടുണ്ട്.വിശദവിവരം താഴെ ചേർക്കുന്നു.

1)ഫയലുകളിൽ നോട്ട് ഫയൽ വെച്ചിട്ടില്ല.

2)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല.

3)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

4) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല.

5)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോരോന്നും രേഖപ്പെടുത്തി കാണുന്നില്ല.23.11.18 തീയതിയിൽ ആണ് പദ്ധതിരൂപീകരണം സംബന്ധിച്ച യോഗം നടന്നിട്ടുള്ളത്.ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.11 പദ്ധതികളാണ് വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിച്ചിട്ടുള്ളത്.എന്നാൽ വാർഷികപദ്ധതിച്ചെലവുകണക്കുകൾ പ്രകാരം 212 പദ്ധതികളാണ് രൂപീകരിച്ചിരിക്കുന്നത്.വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയവയിൽ ഭൂരിഭാഗവും.2020-21 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഒരുയോഗം മാത്രമാണ് നടന്നത്.ഈ യോഗങ്ങളിലൊന്നും തന്നെ മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തിട്ടില്ല.പദ്ധതിനിർവഹണം മോണിട്ടർ ചെയ്തിട്ടില്ല.

6)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 212പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 52 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

7).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

8) കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ,മുൻപ് ഈ പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

9) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 3/20-21/26.07.21പ്രകാരം മേൽവിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-22 ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2020-21 വർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല. തൻവർഷം ഇ.ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | പ്രോജക്ട് തുക | ബിഡ്ഡുകളുടെ എണ്ണം, | ഫോറം വില(ടാക്സ് ഉൾപ്പെടെ) | ആകെ ലഭിക്കേണ്ട തുക(ടാക്സ് ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | 20/21 കൊഴുവണ വീണ്ടും വയൽ റോഡ് നവീകരണം | 900000 | 2 | 2034 | 4068 |
| 2 | 125/21പുത്തൻകുന്ന് അമ്പലംവയൽ റോഡ് ടാറിംഗ് | 500000 | 2 | 1130 | 2260 |
| 3 | 218/21പുഞ്ചവയൽ കോളനി റോഡ് ടാറിംഗ് | 600000 | 2 | 1356 | 2712 |
| 4 | 221/21<br>മാളിക മാളികവയൽ റോഡ് ടാറിംഗ് | 500000 | 2 | 1130 | 2260 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | 246/21<br>പുളിഞ്ഞാൽ ജനശ്രീകവല റോഡ് | 500000 | 2 | 1130 | 2260 |
| 6 | 251/21കോൽക്കുഴി പാടിയേരി റോഡ് ടാറിംഗ് | 550000 | 2 | 1243 | 2486 |
| 7 | 22/21പമ്പ്ഹൌസ് പുളിമുക്ക് റോഡ് നവീകരണം | 560000 | 2 | 1266 | 2532 |
| 8 | 23/21പന്നിയറ കഴമ്പംകര റോഡ് നവീകരണം | 500000 | 2 | 1130 | 2260 |
| 9 | 32/21മാങ്കോമ്പ് വെള്ളടാങ്ക് റോഡ് നവീകരണം | 500000 | 2 | 1130 | 2260 |
| 10 | 438/21ചുള്ളിയോട് ടൌണിൽ പൊതുടോയ് ലെറ്റ്-ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സ്ഥാപിക്കൽ | 13000000 | 4 | 2825 | 11300 |
| 11 | 452/21കുറുക്കൻകുന്ന് കാപ്പംകര റോഡ് നവീകരണം | 500000 | 2 | 1130 | 2260 |
| 12 | 457/21വെള്ളച്ചാൽ കോളിക്കണ്ട് റോഡ് നവീകരണം | 500000 | 2 | 1130 | 2260 |
| 13 | 173/21ചെറുമാട് കോളനി കിണർ നവീകരണം-പൈപ്പ് ലൈൻ സ്ഥാപിക്കൽ | 6000000 | 2 | 1808 | 3616 |
| 14 | CMRRPകോളിയാടി അരിമാനി പുത്തൻകുന്ന് റോഡ് ടാറിംഗ് | 2000000 | 3 | 2825 | 8475 |
| 15 | CMRRPആനപ്പാറ തൊവരിമല എസ്റ്റേറ്റ് റോഡ് സൈഡ് പ്രൊട്ടക്ഷൻ | 1000000 | 1 | 2260 | 2260 |
| 16 | CMRRPകല്ലൂർ-നല്ലൂർ പൂളക്കുണ്ട് റോഡ് ടാറിംഗ് | 2000000 | 4 | 2825 | 11300 |
| 17 | CMRRPആനപ്പാറ തൊവരിമല എസ്റ്റേറ്റ് റോഡ്സൈഡ് പ്രൊട്ടക്ഷൻ | 1000000 | 1 | 2260 | 2260 |
| 18 | 33/21ആണ്ടിക്കവലപൊൻമുടിക്കോട്ട റോഡ് നവീകരണം | 500000 | 2 | 1130 | 2260 |
| 19 | 426/21തൊട്ടുവെട്ടി തോട് സംരക്ഷണം | 500000 | 2 | 1130 | 2260 |
| 20 | 196/21റഹ്മത്ത് നഗർ തോട്സംരക്ഷണഭിത്തി നിർമ്മാണം | 500000 | 3 | 1130 | 3390 |
| 21 | 230/21അരിമാനി തോട് കൾവെർട്ട് നിർമ്മാണം | 500000 | 3 | 1130 | 3390 |
| 22 | 214/21താളൂർ പാമ്പള റോഡ് റീടാറിംഗ് | 600000 | 2 | 1356 | 2712 |
| 23 | 190/21നെന്മേനി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ചുറ്റമതിൽ നിർമ്മാണം നവീകരണം | 1500000 | 2 | 1492 | 2984 |
| 24 | 463/21പുനരധിവാസക്യാമ്പുകളിൽ ടോയ് ലെറ്റ്സൌകര്യം ലഭ്യമാക്കൽ | 1500000 | 2 | 1130 | 2260 |
| 25 | 206/21കല്ലിങ്കര-കുന്താണി സ്കൂളുകളിൽതുമ്പൂർമുഴി മോഡൽ ജൈവകമ്പോസ്റ്റ് | 500000 | 1 | 1130 | 1130 |
| 26 | 456/21മങ്കൊമ്പ് അങ്കണവാടി റോഡ് ടാറിംഗ് | 500000 | 1 | 1130 | 1130 |
| | ആകെ | | | | ₹88345/- |

02.10.17 ലെ G.O(MS)3186/2017LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇ-ടെൻഡറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിനും സർക്കുലർ നമ്പർ ഡി.ബി.1/7942/2010/CE/LSGD/27.11.19 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമായിരുന്നു. ഓഡിറ്റ് എൻക്വയറി.നം. 6 തീയതി 03.08.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ വരവു വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിൽ തുക അവശേഷിക്കുന്നു

അസി.എഞ്ചിനീയറുടെപേരിൽ,എസ്.ബി.ഐ ചുള്ളിയോട് ബ്രാഞ്ചിൽ ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പ്ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്കിൽ ഇത് സംബന്ധിച്ച കൃത്യമായി രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2021 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | A/C No. 67077587127,<br>എസ്.ബി.ഐ ചുള്ളിയോട് ബ്രാഞ്ച് | ₹457929/ |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ് ബാങ്ക് അക്കൗണ്ടിൽ തുക സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഓഡിറ്റ് എൻക്വയറി.നം. 2/ 20-21തീയതി 26.07.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ തനതുഫണ്ട് പ്രവൃത്തികളുടെ നികുതികൾ അടക്കാനുണ്ടായിരുന്ന തുക അടച്ചതായും ബാക്കി തുക പരിശോധിച്ച് തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.നിലവിൽ ഈ അക്കൌണ്ടിൽ തുക ബാക്കിയുണ്ട്.തുക തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

## 1-24 പകൽവീട് നിർമ്മാണം -ഭൌതികസാഹചര്യങ്ങൾ ഉറപ്പാക്കാതെ തുക വകയിരുത്തിയതിനാൽ കെട്ടിടം ഉപയോഗക്ഷമമായില്ല.

ഗ്രാമപഞ്ചായത്ത് 2020-21 വർഷം അടിസ്ഥാനസൌകര്യങ്ങൾ ഉറപ്പാക്കാതെ ,എസ്ററിമേറ്റ് തയ്യാറാക്കി തുക വകയിരുത്തി കെട്ടിടം പണിതീർത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-286/20

പ്രോജക്ട്-വയോജനങ്ങളുടെ പകൽവീട് പൂർത്തീകരണം-അടിസ്ഥാനസൌകര്യം ഏർപ്പെടുത്തൽ.

ഫണ്ട്-വികസനഫണ്ട് (പൊതുവിഭാഗം)

അടങ്കൽ-1300000

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവഴിച്ച തുക-₹1290829/-

വൌച്ചർനമ്പർ -26/20-21/30.04.20-₹972436/-

വൌച്ചർ നമ്പർ-68/20-21/12.01.21-₹ 318393/-

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ടോയ് ലെറ്റിനും കെട്ടിടത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള നടപ്പാതക്കുമുള്ള ഇനങ്ങൾ ഉൾപ്പെടുത്തുകയോ ആവശ്യമായ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല..ഓഡിറ്റ് എൻക്വയറി.നം. 7 തീയതി 03.08.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് കെട്ടിടം പൂർത്തീകരിക്കാൻ കഴിയാത്തത് എന്നും നിലവിൽ കെട്ടിടം പൂർത്തിയാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയതായും അറിയിച്ചു.വയോജനങ്ങൾക്കുവേണ്ടിയുള്ള കെട്ടിടമായതിനാൽ കെട്ടിടത്തിന് വേണ്ട സുരക്ഷിതമായഅവശ്യസൌകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-25 ഹരിതമന്ദിരം -നിർമ്മിച്ചത് ഉപയോഗിക്കുന്നില്ല.

ഖരമാലിന്യസംസ്കരണത്തിനായി ചുള്ളിയോട് നിർമ്മിച്ച ഹരിതമന്ദിരം കെട്ടിടം നാളിതുവരെ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല.

പ്രോജക്ട് നമ്പർ-271/19

പ്രോജക്ട്-ചുള്ളിയോട് ഹരിതമന്ദിരം നിർമ്മാണം.

ഫണ്ട്-വികസനഫണ്ട്

അടങ്കൽ-1000000

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവഴിച്ച തുക-₹921586/-

വൌച്ചർനമ്പർ -168/20-21/31.03.21-₹921586/-

ഖരമാലിന്യസംസ്കരണത്തിനായി ചുള്ളിയോട് എന്ന സ്ഥലത്താണ് ഹരിതമന്ദിരം നിർമ്മിച്ചത് .ഓഡിറ്റ് എൻക്വയറി.നം. 7 തീയതി 03.08.21പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച് അന്വേഷിച്ചതിന് നിർവഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ കെട്ടിടം നാളിതുവരെ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല എന്നും ഈ വർഷം കെട്ടിടത്തോടനുബന്ധിച്ച് മാലിന്യശേഖരണകേന്ദ്രം കൂടി പണിയുന്നുണ്ട് എന്നും കെട്ടിടം ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചു.കെട്ടിടം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല..റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.അതുകൊണ്ട് തന്നെ പഞ്ചായത്ത് തുകകൾ ചെലവഴിച്ച പദ്ധതികൾ പഞ്ചായത്തിന്റെ ആസ്തികളാണോ എന്നുറപ്പുവരുത്താൻ സാധിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ ആസ്തിരജിസ്റ്റർ കാലികമാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും ഉടൻ തന്നെ കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.രജിസ്റ്റർ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 നെൽകൃഷി കൂലി ചെലവ് സബ്സിഡി - രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 159/21 | സമഗ്ര നെൽകഷി വികസനം -കൂലി ചെലവ് സബ്സിഡി (പൊതുവിഭാഗം) | 6000000/-(3000000/- - വികസനം ജനറൽ, 832862/- - ബ്ലോക്ക് പഞ്ചായത്ത്, 1500000/- - ജില്ല പഞ്ചായത്ത്) | 5332862/- |
| 160/21 | സമഗ്ര നെൽകഷി വികസനം -കൂലി ചെലവ് സബ്സിഡി (ടി.എസ്.പി) | 1000000/-(500000/- - വികസനം എസ്.സി.പി, 250000/- - ബ്ലോക്ക് പഞ്ചായത്ത്, 250000/- - ജില്ല പഞ്ചായത്ത്) | 1000000/- |

മേൽ പദ്ധതി പ്രകാരം കൃഷി ഓഫീസർ നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകിയിട്ടുണ്ട്. 1871 ജനറൽ ഗുണഭോക്താക്കൾക്കും 386 എസ്.ടി ഗുണഭോക്താക്കൾക്കും 6332862/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. മേൽ ചെലവിന്റെ സാംഖ്യ യു.ടി.ആർ സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. 2000 ന മുകളിൽ അപേക്ഷകൾ വാർഡ് അടിസ്ഥാനത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. അപേക്ഷകളും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പറുകളും സാംഖ്യ യു.ടി.ആർ സ്റ്റേറ്റുമെന്റുമായി പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിക്കുന്ന വിധത്തിൽ അപേക്ഷകൾ ക്രമനമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ആയത് ഉറപ്പുവരുത്താനുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

നെൻമേനി കൃഷിഭവനിലെ കൃഷി അസ്സിസ്റ്റന്റ് ശ്രീമതി. കൃഷ്ണജ കൃഷി വകുപ്പിൽ നിന്നും കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ബിനാമി പേരിൽ ക്രമവിരുദ്ധമായി തട്ടിയെടുത്തുവെന്ന് പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സസ്പെന്റ് ചെയ്തിരുന്നു (ഉത്തരവ് നം. ഇ(1)2836/2020 തീ. 29/.06/2020). മേൽ സാഹചര്യത്തിൽ, നെൻമേനി ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതികളിൽ കൃത്രിമം നടന്നിട്ടുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/20-21/0408.21) കൃഷി ഓഫീസർലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതികളിൽ കൃത്രിമം നടന്നിട്ടില്ല എന്ന്

അറിയിച്ചിട്ടുണ്ട്. എന്നാൽ, സെക്രട്ടറിക്ക് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/20-21/0408.21) മറുപടിലഭ്യമാക്കിയിട്ടില്ല. ഭരണവകുപ്പിന് കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ചെലവ് തുക 6332862/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-28 കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ് വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 447/21 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ് വാങ്ങൽ | 100000/- - വികസനം ജനറൽ | 100000/-(ബിൽ നം. |

മേൽ പദ്ധതി പ്രകാരം കൃഷി ഓഫീസർ 60322/- രൂപ കെൽട്രോണിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത സാധനങ്ങൾ കെൽട്രോൺ ഇതുവരെ സപ്ലൈ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/20-21/0408.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 60322/- രൂപ തടസ്സം ചെയ്യുന്നു.

## 1-29 ക്ഷീര കർഷകർക്ക് പാലിന് പ്രോത്സാഹന വില നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 127/21 | ക്ഷീര കർഷകർക്ക് പാലിന് പ്രോത്സാഹന വില നൽകൽ | 1000000/- (500000-വികസനം ജനറൽ, 250000-ബ്ലോക്ക്, 250000-ജില്ല) | 431149/-( ബിൽ നം. 21/20-21/31.03.21) |
| 106/21 | ക്ഷീര കർഷകർക്ക് പാലിന് പ്രോത്സാഹന വില നൽകൽ | 1500000/- (വികസനം ജനറൽ) | 1131979/-( ബിൽ നം. 20/20-21/31.03.21) |

മേൽ പദ്ധതി പ്രകാരം വെറ്ററിനറി സർജൻ ക്ഷീര കർഷകർക്ക് പാലിന് പ്രോത്സാഹന വില നൽകാൻ വേണ്ടി മേൽ തുകകൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (A/C No. 000426) കൈമാറിയിട്ടുണ്ട്. 02.03.20 -ലെ ജില്ല ആസൂത്രണ സമിതി യോഗം ക്ഷീര കർഷകർക്ക് പാലിന് പ്രോത്സാഹന വില നൽകൽ എന്ന പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റും പഞ്ചായത്ത് വിഹിതവും ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ പദ്ധതികളുടെ വിനിയോഗവിവരം ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/20-21/04.08.21) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുക 1563128/- രൂപ തടസ്സത്തിൽ വെക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 900000 | ക്ഷീരകർഷകർക്ക് പാലിന് പ്രോത്സാഹനവില നൽകൽ | 900000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 793469 | ക്ഷീരകർഷകർക്ക് പാലിന് പ്രോത്സാഹനവില നൽകൽ | 793469 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5000000 | ലൈഫ് മിഷൻ സമ്പൂർണ്ണഭവനപദ്ധതി-ജനറൽ | 5000000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 1872000 | ലൈഫ് മിഷൻ സമ്പൂർണ്ണഭവനപദ്ധതി-ജനറൽ | 1872000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 67497 | ക്ഷീരകർഷകർക്ക് പാലിന് പ്രോത്സാഹനവില നൽകൽ-ടി.എസ്.പി | 67497 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 1800000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3171426 | ലൈഫ് മിഷൻ സമ്പൂർണ്ണഭവനപദ്ധതി-ടി.എസ്.പി | 3171426 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 3970000 | ലൈഫ് മിഷൻ സമ്പൂർണ്ണഭവനപദ്ധതി-ടി.എസ്.പി | 3970000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 832862 | സമഗ്രനെൽകൃഷിവികസനം-കൂലിച്ചെലവ് സബ്സിഡി | 832862 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 1500000 | സമഗ്രനെൽകൃഷിവികസനം-കൂലിച്ചെലവ് സബ്സിഡി | 1500000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 250000 | സമഗ്രനെൽകൃഷിവികസനം-കൂലിച്ചെലവ് സബ്സിഡി-ടി.എസ്.പി | 250000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 250000 | സമഗ്രനെൽകൃഷിവികസനം-കൂലിച്ചെലവ് സബ്സിഡി-ടി.എസ്.പി | 250000 | 0 |

## 4-3 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സുകൃത ഭവനം പദ്ധതി | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ)നം.83/13 തസ്വഭവ തീയതി 11/03/2013 ഉത്തരവ് | 26870000 | 19432569 | 7400000 | 2500000 | 10919074 |
| KURDFC ലൈഫ് മിഷൻ ലോൺ | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ)നം.68/18 തസ്വഭവ തീയതി 18.5.18 ഉത്തരവ് | 37741704 | 16154057 | മുതൽ അടവ്<br>General 1668706<br>Scp 73294<br>Tsp 322353<br>Total 2064353 | | 24969704(പലിശ ഉൾപ്പെടെ) |

## 4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8599701 |
| തൻവർഷം നിക്ഷേപിച്ച തുക | 339858 |
| ആകെ | 8939559 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1199810 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7739749 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | തുക | കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വയനാട്ജില്ലാകോപ്പറേറ്റീവ് ബാങ്ക് | 31.03.21 | 500000 | ഒരു വർഷം | - |
| 2 | വയനാട്ജില്ലാകോപ്പറേറ്റീവ് ബാങ്ക് | 21.03.21 | 500000 | ഒരു വർഷം | |
| 3 | വയനാട്ജില്ലാകോപ്പറേറ്റീവ് ബാങ്ക് | 12.10.20 | 500000 | ഒരു വർഷം | |
| 4 | വയനാട്ജില്ലാകോപ്പറേറ്റീവ് ബാങ്ക് | 23.09.20 | 537749 | ഒരു വർഷം | |
| 5 | വയനാട്ജില്ലാകോപ്പറേറ്റീവ് ബാങ്ക് | 23.09.20 | 260367 | ഒരു വർഷം | |
| 6 | സുൽത്താൻ ബത്തേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 24.09.20 | 271033 | ഒരു വർഷം | |
| 7 | സുൽത്താൻ ബത്തേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 24.09.20 | 439867 | ഒരു വർഷം | |
| 8 | സുൽത്താൻ ബത്തേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 15.05.20 | 238505 | ഒരു വർഷം | |
| 9 | സുൽത്താൻ ബത്തേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 13.05.20 | 177362 | ഒരു വർഷം | |
| 10 | കേരള ഗ്രാമീണ ബാങ്ക് | 24.03.21 | 500000 | ഒരു വർഷം | |
| 11 | കേരള ഗ്രാമീണ ബാങ്ക് | 26.05.20 | 500000 | ഒരു വർഷം | |
| 12 | സുൽത്താൻ ബത്തേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 31.03.21 | 337823 | ഒരു വർഷം | |
| 13 | സുൽത്താൻ ബത്തേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 30.03.21 | 253575 | ഒരു വർഷം | |
| 14 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 13.08.19 | 2196323 | മൂന്ന് വർഷം | |
| ആകെ | | | | 7739749 | |

## 4-5 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2001-02 ഖണ്ഡിക 3.6 | 2006-07 ഖണ്ഡിക3.9.3 | പാട്ടത്തുകുന്ന് കുടിവെള്ള പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2006-07 ഖണ്ഡിക 3.2 | 2009-10 ഖണ്ഡിക 3.8.12 | പുഞ്ചവയൽ കോളനിയിൽ കൃഷിഭവൻ മുഖേന ഇലക്ട്രിക് മോട്ടോർ സ്ഥാപിച്ചത് സംബന്ധിച്ച്. | സമിതിയുടെ പരിഗണനയിൽ |
| 1999-2000 ഖണ്ഡിക 39 | - | കുണ്ടൂർ പ്രൊജക്ട് ഇറിഗേഷൻ സർവ്വേ നടത്തിപ്പിലെ അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2014-15 5.7 | ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റി-മാതൃകയാക്കാൻ ഒരു ആധുനിക അറവുശാല | സമിതിയുടെ പരിഗണനയിൽ |
| 2014-15 2.2 | 2016-17 2.1 | തൊഴിൽനികുത് അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2015-16 2.4 | 2016-17 2.2 | തൊഴിൽനികുത് അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2016-17 2.7 | 2017-18 1.12.9 | റിസോ ാർട്ടുകൾക്ക് വസ്തുനികുതി ഈടാക്കുന്നതിൽ അപാതകതകൾ | സമിതിയുടെ പരിഗണനയിൽ |

## 4-6 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ഇല്ല

## 4-7 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | LF(W).P1-498/00/18.06.19 |
| 1997-98 | LF(W).P1-730/00/15.12.01 |
| 1998-99 | LF(W).P1-96/01/21.11.01 |
| 1999-00 | LF(W).P1-16/03/18.06.19 |
| 2000-01 | LF(W).P4-360/10(8)/21.8.10 |
| 2001-02(Plan) | LF(W).P4-360/10(9)/21.8.10 |
| 2003-04 | LF(W).P4-360/10(11)/21.8.10 |
| 2004-05 | LF(W).P4-360/10(12)/21.8.10 |
| 2005-06 | LF(W).P4-360/10(13)/21.8.10 |
| 2006-07 | LF(W).P4-360/10(14)/21.8.10 |
| 2007-08 | LF(W).P4-337/13 10.6.13 |
| 2008-09 | LF(W).P4-690/12 17.5.13 |
| 2009-10 | LF(W).P4-191/12 29.2.12 |
| 2010-11 | LF(W).P3-193/13 /08.01.16 |
| 2011-12,12-13 | LF(W).P3-614/14 /29.02.16 |
| 2013-14 | KSA WYD P3-693/2015/30.07.16 |
| 2014-15 | KSA WYD P3-427/14.07.2016 |
| 2015-16 | KSA WYD P3-841/16/13.04.18 |
| 2016-17 | KSA WYD P3-/578/17 /01.03.18 |
| 2017-18 | KSA WYD P3-/685/19 22/11/2019 |
| 2018-19 | KSA WYD P3-52/20/09.04.21 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 183460831 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 216767027 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8039312 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | -- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 83000 | ഷനോജ്.എൻ.പി,<br>വി.ഇ.ഒ |
| 1-27 | 6332862 | അനുപമകൃഷ്ണൻ,<br>കൃഷി ഓഫീസർ |
| 1-28 | 60322 | അനുപമകൃഷ്ണൻ,<br>കൃഷി ഓഫീസർ |
| 1-29 | 1563128 | ഡോ.സ്മിതജോൺ,<br>വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷനോജ്.എൻ.പി,<br>വി.ഇ.ഒ | വി.ഇ.ഒ<br>നെന്മേനി ഗ്രാമപഞ്ചായത്ത് | ഞാറ്റുകാലായിൽ വീട്<br>പോരൂർ പി.ഒ<br>തലപ്പുഴ<br>മാനന്തവാടി |
| അനുപമകൃഷ്ണൻ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>നെന്മേനി ഗ്രാമപഞ്ചായത്ത് | പനപ്പറമ്പിൽവീട്<br>മന്തണ്ടിക്കുന്ന്<br>സൽത്താൻബത്തേരി പി.ഒ |
| ഡോ.സ്മിതജോൺ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>നെന്മേനി ഗ്രാമപഞ്ചായത്ത് | ഓടപ്പള്ളം<br>മൂലങ്കാവ് പി.ഒ<br>സുൽത്താൻബത്തേരി |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്